## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2670

10.12.2014- ൽ മറുപടി.

### 2014-ലെ മെഡിക്കൽ പ്രവേശനം

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2014-ൽ M.B.B.S-B.D.S പ്രവേശനം അവതാളത്തിലാവുകയും നൂറുകണക്കിന് ഗവൺമെന്റ് സീറ്റുകൾ ലാപ്സാവുകയും ചെയ്യാനിടയായതിന്റെ ഉത്തരവാദിത്വം വിശകലനം ചെയ്തിട്ടുണ്ടോ; | (എ) 2014-15 എം.ബി.ബി.എസ്/ ബി.ഡി.എസ് പ്രവേശനത്തിന്റെ ഭാഗമായി നടത്തിയ അവസാനഘട്ട അലോട്ട്മെന്റു ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം പ്രവേശനം നേടാതെ വന്നതുവഴിയും, അവസാനഘട്ട അലോട്ട്മെന്റിനുശേഷം വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നേടിയതു വഴിയും സീറ്റുകൾ ലാപ്സായിട്ടുണ്ട്. സീറ്റുകൾ പാഴാക്കാനുള്ള സാഹചര്യം സൃഷ്ടിച്ച വിദ്യാർത്ഥികൾക്കെതിരെ പ്രോസ്പെക്ടസ് വ്യവസ്ഥകൾക്കനുസരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) അഡ്മിഷൻ പ്രക്രിയകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ വിമുഖത കാണിച്ചതിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) ബഹു. സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളും സമയക്രമവും അനുസരിച്ചാണ് സംസ്ഥാനത്തും അഡ്മിഷൻ പ്രക്രിയകൾ നടത്തിയിട്ടുള്ളത്. |
| (സി) യഥാസമയം സർക്കാരിലേക്ക് സീറ്റുകൾ വിട്ടുകൊടുക്കാതെ അനാവശ്യമായ കാലതാമസമുണ്ടാക്കുകയും അന്യായമായ നിലപാടുകൾ എടുക്കുകയും ചെയ്ത സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) സർക്കാരുമായി കരാറിലേർപ്പെടാതിരുന്ന മാനേജ്മെന്റുകൾക്ക് കീഴിലുള്ള കുട്ടികൾക്ക് PHC/CHC എന്നിവയിൽ അനുവദിച്ചു വന്നിരുന്ന സൗകര്യങ്ങളും പോസ്റ്റുമോർട്ടം കാണുന്നതിനും പഠിക്കുന്നതിനും നൽകി വന്നിരുന്ന സൗകര്യങ്ങളും പിൻവലിക്കുന്നതിന് തീരുമാനിച്ച് മാനേജ്മെന്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ